"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- കടപ്പുറം ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷൈലാ മുഹമ്മദിന് ചികിത്സയ്ക്ക് ചെലവായ തുക 25000/- രൂപ അനുവദിച്ച് - സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.2035/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/10/2020

---

പരാമർശം:- 1 കടപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 09/03/2020- ലെ ബി3-4250/18 നം. കത്ത്.

2 കടപ്പുറം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13/02/2020- ലെ 27(5) നമ്പർ തീരുമാനം.

3 ശ്രീ.കെ.വി.അബ്ദുൾഖാദർ എം.എൽ.എ.യുടെ, 16/03/2020 ലെ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമ പഞ്ചായത്തിലെ 15-ാം വാർഡ് അംഗം ശ്രീമതി ഷൈല മുഹമ്മദിന് ഗർഭാശയ സംബന്ധമായ അസുഖത്തിന് ചികിത്സയ്ക്കായി ചെലവായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി. ഈ ആവശ്യത്തിലേക്കായി 25000/- രൂപ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, 13/2/2020-ലെ 27 (5)-ാം നമ്പറായി തീരുമാനമെടുത്തതിന്റെ ശരിപ്പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കടപ്പുറം ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി. ഷൈലാ മുഹമ്മദിന് ചികിത്സയ്ക്ക് ചെലവായ 25000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/ പ്രസിഡണ്ട്, കടപ്പുറം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല.

ശ്രീമതി. ഷൈല മുഹമ്മദ്, മെമ്പർ, കടപ്പുറം ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ശ്രീ.കെ.വി.അബ്ദുൾഖാദർ എം.എൽ.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ